(ബി) അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എടുക്കേണ്ട നടപടികൾ സംബന്ധിച്ച് പരിശോധിച്ച് വരുന്നു.

വഖഫ് ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്

166 (6084) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2007-08 വർഷത്തെ സംസ്ഥാന വഖഫ് ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാന വഖഫ് ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് പ്രകടിപ്പിച്ച അഭിപ്രായം വ്യക്തമാക്കുമോ ;

(സി) ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വഖഫ് ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് ഭരണപരവും സാമ്പത്തികപരവുമായ വ്യാപകമായ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(സി) 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വഖഫ് ബോർഡ് ഓഫീസിൽ കാഷ് ബുക്ക് നിലവിലില്ലെന്നും, ജീവനക്കാർ കേന്ദ്ര സർവ്വീസിലേയും സംസ്ഥാന സർവ്വീസിലേയും സേവന വ്യവസ്ഥകൾ അനുസരിച്ചുള്ള ശമ്പളവും അലവൻസുകളും വാങ്ങുന്നുണ്ടെന്നും, ലോൺ സ്കോളർഷിപ്പുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയോ തിരിച്ചടവ് ഉറപ്പ് വരുത്തുകയോ ചെയ്യുന്നില്ലെന്നും, സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരം ശ്രീ. മുഹമ്മദുണ്ണിക്ക് നൽകിയിരുന്ന പെൻഷൻ അദ്ദേഹത്തിന്റെ മരണ ശേഷം മകൻ വാങ്ങിയെന്നും, 2003-ലെ വഖഫ് ബോർഡ് റഗുലേഷൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ശ്രീ. C. E. ഇസ്മയിൽ എന്നയാൾക്ക് ബോർഡിൽ സ്ഥിര നിയമനം നൽകിയെന്നും, ബോർഡിൽ 2002-03 ന് ശേഷം ഡി.സി.ബി. സ്റ്റേറ്റ്മെന്റ് നിലവിലുണ്ടായിരുന്നില്ല എന്നും, 2007 മുതൽ ബോർഡിന്റെ വരവ് കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ ബാങ്കിൽ ക്രമമായി അടച്ച് ബാങ്ക് കണക്കുമായി ഒത്തുനോക്കുകയോ ചെയ്യാറില്ലെന്നും, ബോർഡിൽ ഇന്റേർണൽ ഓഡിറ്റ് വിങ്ങ് പ്രവർത്തിക്കുന്നില്ല എന്നും മറ്റുമാണ് പ്രധാനമായും പരാമർശിച്ചിട്ടുള്ളത്.

വഖഫ് ബോർഡിൽ നടപ്പിലാക്കുന്ന അലവൻസ്-ലീവ് വ്യവസ്ഥകൾ

167 (6085) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് സംസ്ഥാന സർക്കാരിൽ നിന്ന് ഭരണപരമായ ചെലവുകൾക്ക് സഹായം കൈപ്പറ്റുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly